## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1629 10.03.2020-ൽ മറുപടിയ്ക്ക്

## ലോകകേരളസഭയിൽ ഭക്ഷണത്തിനായി ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | തലസ്ഥാന നഗരിയിൽ വിശപ്പുകാരണം കുട്ടികൾ മണ്ണ് തിന്ന് വിശപ്പടക്കിയതായുള്ള വാർത്ത റിപ്പോർട്ട് ചെയ്യപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭരണസിരാകേന്ദ്രത്തിനടുത്ത് പട്ടിണിയിലും ദാരിദ്ര്യത്തിലും സമൂഹ മന:സാക്ഷിയെ ഞെട്ടിച്ച തരത്തിലുള്ള സംഭവം ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ: | എ) | തിരുവനന്തപുരം കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിലെ കുട്ടികൾ വിശപ്പടക്കാൻ മണ്ണ് തിന്നുവെന്ന വാർത്ത തെറ്റാണെന്ന് ചൈൽഡ് വെൽഫയർ കമ്മിറ്റിയും, കേരള സംസ്ഥാന ബാലാവകാശ കമ്മീഷനും നടത്തിയ വിശദമായ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് വിശപ്പ് മാറ്റാൻ ഒരു നേരത്തെ ഭക്ഷണം ലഭിക്കാത്ത കുട്ടികൾ ഉള്ളതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും ലോകകേരളസഭയുടെ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്ക് ഭക്ഷണത്തിന് വൻതുക ചെലവഴിച്ചതായുള്ള ആക്ഷേപം സർക്കാരിനെതിരെ പൊതുസമൂഹത്തിൽ അവമതി സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; | ബി) | ആക്ഷേപം വാസ്തവ വിരുദ്ധമായതുകൊണ്ട് സർക്കാരിനെതിരെ പൊതുസമൂഹത്തിൽ അവമതി സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. |
| സി) | ലോകകേരളസഭയിൽ പ്രതിനിധികളുടെയും മറ്റുള്ളവരുടെയും ഭക്ഷണത്തിനായി മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര പേർക്കാണ് പ്രസ്തുത തുക ചെലവഴിക്കേണ്ടിവന്നതെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ? | സി) | രണ്ടാം ലോക കേരള സഭയുമായി ബന്ധപ്പെട്ട് പ്രതിനിധികൾക്കായി ഒരുക്കിയ ഭക്ഷണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ഉദ്യോഗസ്ഥർ, സപ്പോർട്ടിംഗ് സ്റ്റാഫ്, സെക്യൂരിറ്റി തുടങ്ങിയവർക്കായി ആകെ 4,10,000/- രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ